## (57.) മൈലപ്രാ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടേയും കേരള കത്തോലിക്കാസഭയുടേയും ചരിത്രിൽ ഏറെ പ്രാധാന്യമുള്ള ഒരു ഇടവകയാണ് മൈലപ്രാ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാപള്ളി. 1953 ജനുവരി 3-ാം തീയതി നടന്ന കൂനൻ കുരിശ് സത്യത്തിനുശേഷം പുത്തൻകൂറ്റെന്നും പഴയകൂറ്റെന്നും വിഭജിച്ചുപോയ മാർത്തോമാ ക്രിസ്ത്യാനികളെ ഒന്നിപ്പിക്കാനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തി തുടങ്ങിയ ആദ്യനാളുകളിൽ തന്നെ മൈലപ്രാ എന്ന പേര് ചരിത്രിൽ എഴുതിചേർക്കപ്പെട്ടിരുന്നു. 1905-ൽ കൊല്ലം ബിഷപ്പായി സ്ഥാനമേറ്റ ബെൻസിഗർ തിരുമേനി ആത്മീയ കാര്യങ്ങൾക്കും സുവിശേഷവത്കരണിനുമൊപ്പം സഭൈക്യത്തിനുവേണ്ടിയും ഏറെ പരിശ്രമിച്ചിരുന്നു. കറ്റാനം, പുനലൂർ എന്നീ മിഷൻ ജില്ലകൾ കേന്ദ്രമാക്കിയായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. 1914-മാവേലിക്കര ഇടവകവികാരി ഫാ.പന്തലേയോ പെരേരയുടെ സഹായത്തോടുകൂടി അകത്തോലിക്കരുടെ പുനരൈക്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി തിരുഹൃദയമിഷൻ എന്ന പ്രസ്ഥാനം ബൻസിഗർ തിരുമേനി ഉദ്ഘാടനം ചെയ്തു. പുനലൂർ മിഷൻ ജില്ലയിലെ പുനരൈക്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത് ഫാ. ജോൺ മേരി ആയിരുന്നു. ഈ കാലങ്ങളിൽ പുനരൈക്യപ്പെട്ട വൈദീകരാണ് പത്തനംതിട്ട പീടികയിൽ ഗീവർഗീസച്ചൻ, കൊട്ടാരക്കര തെക്കേടത്ത് സഖറിയാസച്ചൻ, അഞ്ചൽ മായിയച്ചൻ, ഇലന്തൂർ തോമസച്ചൻ തുടങ്ങിയവർ. പുനരൈക്യപ്പെട്ടവർക്കിടയിൽ പ്രവർത്തിക്കാൻ ബൻസിഗർ തിരുമേനി സിറിയൻ കർമ്മലീത്താ വൈദീകരെ കൊണ്ടുവന്നു. പുനരൈക്യപ്പെട്ട വൈദീകരുടേയും സിറിയൻ കർമ്മലീത്താ വൈദീകരുടേയും ചേർന്നുള്ള ശ്രമങ്ങളുടെ ഫലമായി മൈലപ്രായിൽ നിന്ന് അഞ്ച് കുടുംബങ്ങളും കൈപ്പട്ടൂരിൽ നിന്ന് പതിനഞ്ച് കുടുംബങ്ങളും, തുമ്പമണ്ണിൽ നിന്ന് നാല് കുടുംബങ്ങളും ലത്തീൻ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. 1928 ജനുവരി 12-ാം തീയതി മൈലപ്രായിൽ നിന്നുള്ള തറയിൽ ചാണ്ടി ഗീവറുഗീസ്, വടക്കേത്തതറയിൽ തോമസ് മത്തായി, കാലായിൽ ഇട്ടി തോമസ്, തീക്കുറിഞ്ഞിയിൽ ഈപ്പൻ ഉണ്ണൂണ്ണി, പൂവണ്ണുംമൂട്ടിൽ ചാക്കോ തോമസ് എന്നിവർ പുത്തൻപീടികയിലുള്ള ലത്തീൻ പള്ളിയിൽ ചേർന്നു.

### ഗീവർഗീസ് പീടികയിലച്ചൻ

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മുതിർന്ന വൈദീകരിൽ ഒരാളായിരുന്ന ജോഷ്വാ പീടികയിലച്ചന്റെ പിതാവാണ് ഗീവർഗീസ് പീടികയിലച്ചൻ. അദ്ദേഹം യാക്കോബായ സഭയിൽ ആയിരുന്ന കാലുതന്നെ സഭാചരിത്രപഠനത്തിൽ അതീവതത്പരനായിരുന്നു. അക്കാലത്ത് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി രോഗശയ്യയിലായിരുന്ന തന്റെ ആദ്യകാലസുഹൃത്തും പാത്രിയാർക്കീസ് പക്ഷകാരനുമായിരുന്ന ഇളവിനാമണിണിലച്ചനെ സന്ദർശിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ മെത്രാൻ കക്ഷിക്കാർക്ക് പാത്രിയാർക്കീസ് പക്ഷത്തുനിന്നും മുടക്കുണ്ടെന്നു പറഞ്ഞ് അവർ അദ്ദേഹത്തെ സ്വീകരിച്ചില്ല. ഇതുകേട്ട തിരുമേനി തന്റെ കൂടെയുണ്ടായിരുന്ന പീടികയിൽ അച്ചനോട് 451-ൽ നടന്ന കൽക്കദോനിയാ സുന്നഹദോസിനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു. 601-ൽ പരം പിതാക്കന്മാരുടെ മുടക്കുള്ളപ്പോൾ ഒന്നിച്ചുപ്രവർത്തിച്ചവർക്കാണ് ഇപ്പോൾ ഒറ്റയാളിന്റെ മുടക്ക്. ഈ വാക്കുകൾ പീടികയിലച്ചനെ സ്വാധീനിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. അദ്ദേഹം സഭാചരിത്രം പഠിക്കുകയും വട്ടശ്ശേരിൽ തിരുമേനിയുമായി ചർച്ച ചെയ്യുകയും വിശദീകരണങ്ങൾ തേടുകയും ചെയ്തു. അങ്ങനെ 1927-ൽ വട്ടശ്ശേരിൽ തിരുമേനി പീടികയിലച്ചനെ കുടുംബസമ്മേതം മുണ്ടൻമലയിലുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ അടുത്തേക്ക് അയച്ചു. പീടികയിലച്ചന്റെ വിശ്വാസം ഉറച്ചതാണെന്ന മറുപടിയാണ് ഒരാഴ്ചയ്ക്കുശേഷം മാർ ഈവാനിയോസ് പിതാവ് നൽകിയത്. ഏറെ താമസിയാതെ പത്തനംതിട്ട പ്രദേശത്തെ ആദ്യപുനരൈക്യം എന്ന ചരിത്രം കുറിച്ചുകൊണ്ട് പീടികയിലച്ചൻ കൊല്ലത്ത് ബൻസിഗർ തിരുമേനിയുടെ കൈകളാൽ തിരുസഭയിലേക്ക് പുനരൈക്യപ്പെട്ടു. പുത്തൻപീടികയിൽ ഇക്കാലത്ത് ഒരു ലത്തീൻപള്ളി രൂപംകൊണ്ടു. പീടികയിലച്ചൻ തന്റെ ബന്ധിലുള്ള തറയിൽ ചാണ്ടി ഗീവറുഗീസിനേയും കാലായിൽ തോമസിനെയും സന്ദർശിക്കാൻ വരുമ്പോൾ കത്തോലിക്കാ വിശ്വാസം സംബന്ധിച്ച പുസ്തകങ്ങളും മറ്റും ഇവർക്ക് നൽകുമായിരുന്നു. അങ്ങനെ നടത്തിയ പ്രേഷിതയാത്രകളുടെ അവസാനം അവർ സത്യവിശ്വാസം തിരിച്ചറിഞ്ഞ് 1928 ജനുവരി

12-ാം തീയതി പുത്തൻപീടിക ഇടവകാംഗങ്ങളായി പുനരൈക്യപ്പെട്ടു.

1930 സെപ്റ്റംബർ 20ന് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായുള്ള സമ്പൂർണ്ണ കൂട്ടായ്മയിലേക്ക് കടന്നുവന്നശേഷം മുണ്ടൻ മലയിൽ നിന്ന് തിരുമൂലപുരത്തേക്ക് താമസം മാറ്റിയിരുന്നു. 1930 നവംബർ 14ന് മൈലപ്രായിൽ നിന്ന് പുനരൈക്യപ്പെട്ടവരിൽ ഒരാളൊഴികെ നാല്പേർ തിരുമൂലപുരത്ത് മാർ ഈവാനിയോസ് പിതാവിനെ കാണുവാൻ പോയി. മലങ്കര കത്തോലിക്കാ സഭയിലേക്കു ചേരുവാൻ ആഗ്രഹം പ്രകടിപ്പിച്ച അവരെ മാർ ഈവാനിയോസ് തിരുമേനിയുടെ അഭാവത്തിൽ മാർ തെയോഫിലോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചു. തിരുസഭാ പ്രവേശനത്തിന് പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന തറയിൽ കൊച്ചുമത്തായിയെപ്പോലെ നിരവധി വിശ്വാസികൾക്ക് വീട്ടിൽ നിന്നും മറ്റുള്ളവരിൽ നിന്നുമുള്ള കടുബ എതിർപ്പും പീഡനങ്ങളും കാരണം തിരുസഭാ പ്രവേശനിനായി കാത്തിരിക്കേണ്ടിവന്നു. ഇടക്കാലത്ത് പുത്തൻപീടിക പള്ളിയിൽ നടന്നിരുന്ന സവിശേഷം പ്രസംഗങ്ങളിൽ ഫാ. പ്ലാസിഡ്, ഫാ. തോട്ടാശ്ശേരിൽ, ഫാ. മണ്ണാശേരിൽ, ഫാ. പഞ്ഞിക്കാരൻ തുടങ്ങിയവരുടെ പ്രബോധനങ്ങൾ ആണ് അവരുടെ വിശ്വാസം ആഴത്തിലുള്ളതാക്കാൻ സഹായിച്ചത്. എങ്കിലും തിരുകർമ്മങ്ങളിൽ പങ്കെടുക്കാൻ ഏറെദൂരം പോകണമെന്നുള്ളത് വിശ്വാസികളെ വിഷമിപ്പിച്ചിരുന്നു.

ഇക്കാലത്ത്, 1930 നവംബർ അവസാനം കുമ്പഴ മേടയിൽ ഫിലിപ്പോസ് അച്ചൻ തിരുസഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന് കുമ്പഴ മരുതൂർ പുരയിടിലുണ്ടാക്കിയ ചെറിയ ചാപ്പലിൽ മൈലപ്രായിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുത്തിരുന്നു. ഇവിടെ വച്ചാണ് തറയിൽ കൊച്ചുമായി മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടത്.

**ദേവാലയത്തിനുവേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ**

മൈലപ്രായിൽ ഒരു ദേവാലയിനുവേണ്ടിയുള്ള തീവ്യമായ പ്രാർത്ഥനയുടെ ഫലമായി പീടികയിൽ അച്ചന്റെ നേതൃത്വത്തിൽ വിശ്വാസികൾ സ്ഥലത്തിനുള്ള അന്വേഷണം ആരംഭിച്ചു. മൈലപ്രാ ഇല്ലത്ത് മേൽഭാഗത്ത് 40 സെന്റ് സ്ഥലം പത്തുരൂപാ നിരക്കിൽ തരാൻ പീടികപ്പറമ്പിൽ നൈനാൻ വർഗീസ് സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും അത് നടന്നില്ല. ഈ അവസരിൽ കാവടശ്ശേരിൽ ശ്രീ.മാത്തൻ വക 90 സെന്റ് സ്ഥലം കടം തീർക്കുന്ന വകയിൽ വല്യപറമ്പിൽ ഇടിക്കുളയ്ക്ക് നൽകിയത് വല്യപറമ്പിൽ കോശിക്ക് വീതമായി ലഭിച്ചിരുന്നു. പ്രസ്തുത വസ്തു നായ്ക്കംപറമ്പിൽ ഗീവർഗീസ് തോമസ് ഒറ്റയായി കൈവശപ്പെടുത്തിയിരുന്നത് ഒറ്റക്കടം തീർക്കാനായി പള്ളിക്ക് വിലയ്ക്ക് നൽകാമെന്ന് സമ്മതിച്ചു. എന്നാൽ ബാധ്യതാ സർട്ടിഫിക്കറ്റ് തിരയാനും മറ്റും കാലതാമസം വന്നതുകൊണ്ട് സെന്റിന് പത്തുരൂപാ നിരക്കിൽ പള്ളിക്കുവേണ്ടി സ്ഥലം തരാമെന്ന് ഉടമ്പടി എഴുതി. വലിയപറമ്പിൽ കോശി ഇതിനകം തിരുവല്ലയിൽപോയി കത്തോലിക്കാ സഭാംഗമാവുകയും മൈലപ്രായിൽ കാവടശ്ശേരിൽ പുരയിടത്തിൽ കത്തോലിക്കാപ്പള്ളിക്കുവേണ്ടി അനുവാദത്തിനായി അപേക്ഷിക്കുകയും ചെയ്തു. എന്നാൽ സ്ഥലത്തെ യാക്കോബായ വിശ്വാസികൾ ഈ സംരഭത്തെ എതിർത്തു. മൈലപ്രാക്ഷേത്രിൽ നിന്നോമറ്റോ വലഞ്ചുഴിയിലേക്കുള്ള നടയെടുപ്പിന്റെ മാർഗ്ഗമധ്യേ ആയിരിക്കാം പുതിയപള്ളി എന്ന കാരണം കാണിച്ച് അന്നത്തെ പത്തനംതിട്ട മജിസ്ട്രേറ്റ് കോലപ്പാപിള്ള പള്ളിപണിയുന്നതിനെതിരായി ഉത്തരവിറക്കി. എന്നാൽ പീടികയിലച്ചനും കൂട്ടരും കിഴടങ്ങാൻ തയ്യാറായില്ല. ഇവരുടെ കഠിനപ്രയഗ്നത്തിന്റെ ഫലമായി മൈലപ്രാ കാവടശ്ശേരിൽ പുരയിടത്തിൽ കത്തോലിക്കാപള്ളി നിർമ്മിക്കുന്നതിന് എതിരല്ലെന്ന് മൈലപ്രാ ക്ഷേത്രകാര്യത്തിൽ നിന്ന് എഴുതി നല്കി. കൂടാതെ അയൽവാസികളായ ശ്രീ.വാത്തിൽ ശങ്കരൻ, പുളിനിൽക്കുന്നതിൽ ശ്രീ.കുഞ്ഞുചെറുക്കൻ, ഇടയിലെ പറമ്പിൽ ശ്രീ. ശങ്കരൻ എന്നിവരിൽ നിന്നും സമ്മതപത്രം എഴുതിവാങ്ങി. ഈ സമ്മതപത്രങ്ങൾ കോന്നി പാർവത്യാർ ചക്രപാണിയെ കാണിച്ച് ബോധ്യപ്പെടുത്തി. ദേവാലയ നിർമ്മാണത്തിനുള്ള അനുവാദത്തിനായി പീടികയിലച്ചനും വിശ്വാസികളും കൂടാതെ അയൽവാസികളായ ഹിന്ദുസഹോദരങ്ങളും ചേർന്ന് കോന്നി തഹസിൽദാരെ നേരിട്ടുകണ്ട് വിവരങ്ങൾ ധരിപ്പിച്ചു. പത്തനംതിട്ട മജിസ്ട്രേറ്റിന്റെ അനുവാദത്തിനുള്ള സമയമായ

പ്പോൾ വീണ്ടും പ്രതിസന്ധികളുണ്ടായി. ദേവാലയ നിർമ്മാണിനെതിരേ യാക്കോബായ സഹോദരങ്ങൾ കോന്നി പാർവത്യാർക്ക് വിണ്ടും പരാതി അയച്ചു. എന്നാൽ അദ്ദേഹത്തിന്റെ നേരിട്ടുള്ള അന്വേഷണിൽ പരാതിയിൽ പറയുന്ന കാര്യങ്ങൾ സത്യമല്ലെന്നുബോധ്യപ്പെട്ടു. നിർദിഷ്ട ദേവാലയത്തിനു പടിഞ്ഞാറുവശത്ത് താമസിച്ചിരുന്ന കരുവാഞ്ചേരിൽ അമ്മച്ചിയോട് ചേദിച്ച് പരാതിയില്ലെന്ന് ഉറപ്പുവരുത്തിയശേഷം റിപ്പോർട്ട് തയ്യാറാക്കി അയ്ക്കുകയും ചെയ്തു.

പുത്തൻകാവ് സദേശി കെ.ഇ.ചെറിയാൻ മൈലപ്രായിലെ ഒരു ഭവനത്തിൽ വന്നപ്പോൾ ഈ സ്ഥലത്ത് ഒരു റീത്തുപള്ളിക്ക് സ്ഥലം അനുവദിക്കുന്നത് തടയാൻ ഗവൺമെന്റ് സെക്രട്ടറി കെ.ജോർജ്ജിനെ സ്വാധീനിക്കാൻ യാക്കോബായ വിശ്വാസികൾ ഇദ്ദേഹത്തെ ചുമതലപ്പെടുത്തി. ഇതുമനസ്സിലാക്കിയ വിശ്വാസികൾ പുത്തൻപീടികയിലെത്തി പീടികയിലച്ചനെ വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹം തിരുവനന്തപുരത്തെത്തി ദാസൻ പത്രാധിപരായ എം.എം.വർക്കിയുടെ സഹായം തേടി. മൈലപ്രാ കത്തോലിക്കാപള്ളിക്ക് അനുവാദം കൊടുക്കരുത് കെ.ജോർജ്ജിന്റെ ഡയറിയിൽ എഴുതി സൂക്ഷിച്ചുവെങ്കിലും അപേക്ഷകളിലും ശുപാർശകളിലും കുമ്പഴ വടക്ക് കാവടശ്ശേരി പള്ളി എന്ന് രേഖപ്പെടുത്തിയിരുന്നതിനാൽ രണ്ടും ഒന്നാണെന്ന് ഗവമെന്റ് സെക്രട്ടറിക്ക് മനസ്സിലായില്ല. അതുകൊണ്ട് കാവടശ്ശേരിപള്ളി പണിയുന്നതിനാവശ്യമായ അനുവാദം കൊടുക്കണമെന്ന് അദ്ദേഹം മഹാരാജാവ് തിരുമനസ്സിനെ ധരിപ്പിക്കുകയും മഹാരാജാവിന്റെ ഒപ്പോടുകൂടി മൈലപ്രായിൽ കത്തോലിക്കാപള്ളി നിർമ്മിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 1107 മേടം 2 (1932 ഏപ്രിൽ 16)-ാം തീയതി പള്ളിക്കുവേണ്ടി നേരത്തെകരാർ എഴുതിയ 1 ഏക്കർ 74 ന്റെ് സ്ഥലം റോമിലെ മാർപാപ്പയുടേയും രൂപതാധ്യക്ഷൻ മാർ ഈവാനിയോസ് പിതാവിന്റെയും പേർക്ക് തീറാധാരം വാങ്ങി. ഇതിനാവശ്യമായ പണം നൽകിയത് മാർ ഈവാനിയോസ് പിതാവാണ്. വന്ദ്യ പുലിക്കോട്ട് റമ്പാച്ചൻ വസ്തുവിന്റെ ഒരു ഭാഗം സെമിത്തേരിക്കായി ആശീർവദിച്ചു വേർതിരിച്ചു. ഈ കാലയളവിൽ അനേകം കുടുംബങ്ങൾ ഇടവകയിലേക്ക് ചേർന്നു.

**ചാപ്പൽ നിർമ്മാണം**

മാർ ഈവാനിയോസ് പിതാവിന്റെ സാമ്പത്തിക സഹായാലും പീടികയിലച്ചന്റെ മേൽനോട്ടത്തിലും തടിയും വെട്ടുകല്ലും ഓടും മറ്റും ഉപയോഗിച്ച് ആദ്യചാപ്പൽ രൂപം കൊണ്ടു. ഇപ്പോഴത്തെ ദേവാലയത്തിന് വടക്കുപടിഞ്ഞാറ് ഭാഗ് മെയിൻ റോഡിന് കിഴക്കുഭാഗായിരുന്നു. ആദ്യത്തെ ദേവാലയം നിർമ്മിച്ചത് വൈദികർക്ക് വിശ്രമിക്കാനും മറ്റും ആവശ്യമായ മുറികൾ ചാപ്പലിനുള്ളിൽ ക്രമീകരിച്ചിരുന്നു. ചാപ്പൽ കൂദാശയ്ക്ക് മാർ ഈവാനിയോസ് പിതാവിനെ ക്ഷണിക്കാൻ വിശ്വാസികൾ തിരുവല്ലായിലേക്ക് പോയെങ്കിലും മഴയും വെള്ളപ്പൊക്കവും കാരണം തിരുമേനിക്ക് എത്തിച്ചേരാൻ കഴിയില്ലെന്ന് അറിയിച്ചു. കൂദാശയും തുടർന്ന് തിരുകർമ്മങ്ങളും നടത്താൻ കുമ്പഴ മേടയിൽ ഫിലിപ്പോസച്ചനേയും പീടികയിൽ അച്ചനേയും ചുമതലപ്പെടുത്തിക്കൊണ്ടുള്ള കൽപ്പന വിശ്വാസികളുടെ കൈയ്യിൽ പിതാവ് കൊടുത്തയച്ചു. അതനുസരിച്ച് 1932 ജൂൺ 09 (1107 മിഥുനം 24)ന് ചാപ്പലിന്റെ കൂദാശ പീടികയിലച്ചനും മേടയിലച്ചനും ചേർന്ന് നടത്തി. ചാപ്പലിന്റെ ആദ്യത്തെ വിശുദ്ധ കുർബാന മേടയിലച്ചൻ അർപ്പിച്ചു. ഇടവകയുടെ ആദ്യത്തെവികാരിയായി എം.റ്റി.ഫിലിപ്പോസിനെ (കുമ്പഴയച്ചൻ) നിയമിച്ചുകൊണ്ട് അതിരൂപതാധ്യക്ഷൻ കല്പന പുറപ്പെടുവിച്ചു. ഇതൊടോപ്പം നേരത്തെ അംഗങ്ങളായ കുടുംബങ്ങളിലെ സ്ത്രീകളേയും കുട്ടികളേയും തിരുസഭാംഗങ്ങളായി ചേർക്കുകയും ചെയ്തു. മാസത്തിൽ രണ്ട് കുർബാനയാണ് ഇവിടെ ഉണ്ടായിരുന്നത്. എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയും ആരാധനയും ലഭിക്കുന്നതിനുവേണ്ടി പന്തളത്തച്ചനെ (ഫാ.ഗീവർഗീസ് ചരുവിലേത്ത്) വികാരിയായി നിയമിച്ചു. അച്ചനും കുടുംബവും പള്ളിക്കു സമീപം വാടകയ്ക്ക് താമസിച്ചുകൊണ്ട് ശുശ്രൂഷകൾ നടത്തിയിരുന്നു. പൂവണ്ണുംമൂട്ടിൽ തോമസിന്റെ മകൻ ജെയിംസിന് കുമ്പഴ താഴത്തേതിൽ ജോബ് അച്ചന്റെ കരങ്ങളാൽ നൽകിയതാണ് ഇടവകയിലെ ആദ്യത്തെ മാമോദീസാ. കാലായിൽ തോമസിന്റെ മകൾ ആറ് വയസ്സുള്ള ത്രേസ്യാമ്മയാണ് ഇടവകയിൽ നിന്ന് ആദ്യം മരണം മൂലം വേർപെട്ടത്.

**മാർ ഈവാനിയോസ് പിതാവിന്റെ ഇടവകസന്ദർശനം**

മൈലപ്രായിലെ കാലിക്കാ വിശ്വാസികളെ സന്ദർശിക്കുന്നതിനായി മാർ ഈവാനിയോസ് പിതാവ് എി. ചാപ്പലിൽ താമസമാക്കിയ പിതാവിന് വിശ്രമിക്കുന്നതിനാവശ്യമായ കട്ടിൽ തറയിൽ ചാണ്ടി ഗീവറുഗീസിന്റെ ഭവനിൽ നിന്നാണ് കൊണ്ടുവന്നത് (പ്രസ്തുത കട്ടിൽ ഇന്നും കുടുംബാംഗങ്ങൾ സൂക്ഷിച്ചിരിക്കുന്നു). മാർ ഈവാനിയോസ് പിതാവ് വിശ്വാസികളുമായി മുഖാമുഖം ചർച്ചകൾ നടത്തുകയും പുനരൈക്യത്തിന്റെ പ്രസക്തിയെപ്പറ്റി വിശ്വാസികളെ ബോധവൽക്കരിക്കുകയും ചെയ്തു. വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് നിലവിലുള്ള ചാപ്പലിനുപകരം ഒരു സ്ഥിരം പള്ളി നിർമ്മിക്കണമെന്ന് താത്പര്യം പ്രകടിപ്പിക്കുകയും ആയതിലേക്ക് ചാപ്പലിന്റെ തെക്കുകിഴക്കുള്ള വസ്തുകൂടി വാങ്ങണമെന്ന് നിർദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം സെന്റിന് മൂന്നരരൂപാ പ്രകാരം 90 സെന്റ് വസ്തു പന്തളത്തച്ചന്റെ പേർക്ക് വാങ്ങി. മൈലപ്രാ അച്ചന്റെ പുനരൈക്യത്തിനുമുമ്പ് ഇടവകയിൽ 29 കുടുംബങ്ങളും 106 അംഗങ്ങളും ഉണ്ടായിരുന്നു.

**മൈലപ്രാ അച്ചന്റെ പുനരൈക്യം**

ഫാ.എ.ജി.എബ്രഹാം (മൈലപ്രാ അച്ചൻ) തെങ്ങുംതറമേടയിലിന്റെ പുനരൈക്യം ഇടവകയുടെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്. മൈലപ്രാ അച്ചൻ, മൈലപ്രാ ഓർത്തഡോക്സ് പള്ളിയിൽ സഹവികാരിയായിരിക്കുമ്പോൾ തന്നെ, കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട അഞ്ചുപേരുമായി നല്ല ബന്ധം പുലർത്തിയിരുന്നു. പുനരൈക്യ പ്രസ്ഥാനിന്റെ ഉത്ഭവവും വളർച്ചയും യാക്കോബായ സഭാനേതൃത്വം ആദ്യം അവഗണിച്ചിരുന്നെങ്കിലും പിന്നീട് എതിരായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പുനരൈക്യപ്രസ്ഥാനിനെതിരെ യാക്കോബായ സഭാംഗങ്ങളെ ബോധവൽക്കരിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട വൈദീകരിൽ ഒരാളായിരുന്നു മൈലപ്രാ അച്ചൻ. ഇങ്ങനെ കത്തോലിക്കാ വിശ്വാസത്തെ കുറിച്ച് ആഴിൽ പഠിക്കാൻ അച്ചന് അവസരം ലഭിച്ചു. യാക്കോബായ സഭയിൽ നിന്ന് പുനരൈക്യപ്പെട്ടവരേയും പുനരൈക്യപ്രസ്ഥാനത്തേയും നേരിടുന്നതിനെ ചൊല്ലി ഇടവകയിൽ അഭിപ്രായവ്യത്യാസങ്ങൾ തലപൊക്കി തുടങ്ങിയിരുന്നു. അതേസമയം സഭാധികാരികളും അച്ചനും തമ്മിലുള്ള ബന്ധം വഷളാക്കുന്നതിന് ചില കാരണങ്ങൾ ഇക്കാലത്തുണ്ടായി. യാക്കോബായ സഭയിലെ തുമ്പമൺ ഭദ്രാസനത്തിലെ സ്കൂളുകളുടെ ചുമതല മൈലപ്രാ അച്ചനായിരുന്നു. മൈലപ്രാ, വല്യയന്തി, മണ്ണാറകുളഞ്ഞി സ്കൂളുകൾ അച്ചന്റെ ഉടമസ്ഥതയിലായിരുന്നു. 1109 - ൽ ലോവർ ട്രെയിനിംഗ് സ്കൂൾ കൊന്നക്കോട്ട് ആരംഭിച്ചു. മൈലപ്രായിൽ കല്ലുംപുറത്ത് അതിനാവശ്യമായ സ്ഥലം അച്ചൻ വാങ്ങി കെട്ടിടം പണിതു. ഈ സ്ഥലം ഭദ്രാസനത്തിന് വിട്ടുകൊടുക്കണമെന്ന് തിരുമേനി ആവശ്യപ്പെട്ടെങ്കിലും അച്ചൻ വഴങ്ങിയില്ല. മാനേജ്മെന്റ് ട്രെയിനിംഗ് സ്കൂൾ പത്തനംതിട്ടയിലേക്ക് മാറ്റി. ഇത് അച്ചനും സഭയും തമ്മിൽ പിണങ്ങുന്നതിന് കാരണമായി. പിന്നീട് നീണ്ടനിയമയുദ്ധത്തിനു ശേഷമാണ് ട്രെയിനിംഗ് സ്കൂൾ മൈലപ്രായിൽ തിരികെ എത്തിയത്.

കത്തോലിക്കാസഭക്കെതിരേ പ്രസംഗിക്കുന്നതിന് കത്തോലിക്കാവിശ്വാസം പഠിച്ച അച്ചന്റെ മനസിൽ സത്യവിശ്വാസത്തെ സംബന്ധിച്ച് ചില ധാരണകൾ രൂപപ്പെട്ടിരുന്നു. പള്ളി പൊതുയോഗം അച്ചന്റെ ഉടമസ്ഥതയിലുള്ള മൈലപ്രാ സ്കൂളിൽ വച്ച് നടത്തുവാനുള്ള തീരുമാനം അച്ചനും ഇടവകയും തമ്മിലുള്ള ബന്ധം വീണ്ടും വഷളാക്കി. ഒരു വിഭാഗം പുത്തൻകാവിൽ തിരുമേനിക്ക് അച്ചനെതിരെ പരാതി അയച്ചു. വിവരങ്ങൾ അറിഞ്ഞ കത്തോലിക്കാപ്പള്ളിയിലെ ഇടവകാംഗങ്ങൾ അച്ചനെ സന്ദർശിച്ച് ഒരു രാത്രി മുഴുവൻ ചർച്ചകൾ നടത്തി. പിറ്റേദിവസം രാവിലെ മാർ ഈവാനിയോസ് പിതാവിനെ വിവരം ധരിപ്പിക്കാൻ പ്രതിനിധികൾ മാവേലിക്കരയിലേക്ക് യാത്രതിരിച്ചു. യാത്രാമദ്ധ്യേ പീടികയിലച്ചനെയും വിവരം ധരിപ്പിച്ചു. അച്ചൻ ഒരു കത്ത് തയ്യാറാക്കി പ്രതിനിധികൾ വശം ഈവാനിയോസ് പിതാവിന് കൊടുത്തയച്ചു. കത്തുമായി മാവേലിക്കരയിൽ എത്തിയെങ്കിലും പിതാവ് കൊച്ചിക്ക് പുറപ്പെടാൻ തയ്യാറെടുക്കുകയായിരുന്നു. ഏറെ ത്യാഗം സഹിച്ച് പിതാവിനെ നേരിട്ട് കണ്ട് കത്ത് ഏൽപിച്ചു. കത്ത് വായിച്ച പിതാവ് കാര്യങ്ങൾ വിശദമായി ചോദിച്ച് മനസ്സിലാക്കി. പീടികയിലച്ചനും മൈലപ്രാ അച്ചനും ഉടൻ തന്നെ പിതാവിനെ നേരിട്ട് കാണണമെന്ന് പ്രതിനിധികളോട് പറഞ്ഞയക്കുകയും ചെയ്തു. ഇതി

നകം കത്തോലിക്കാവിശ്വാസികൾ മൈലപ്രാ അച്ചനെ അനുകൂലിക്കുന്ന യാക്കോബായക്കാരുടെ ഇടയിൽ പുന രൈക്യത്തെപ്പറ്റി കൂടുതൽ പ്രചാരണം നടത്തിക്കൊണ്ടിരുന്നു. 1936 ജനുവരി 19-ാം തീയതി ഇടവക പൊതു യോഗം മൈലപ്രാ സ്കൂളിൽവച്ച് നടത്തി. പുനരൈക്യശ്രമങ്ങളോടുവിയോജിപ്പ് പ്രകടിപ്പിച്ച് ഒരു വിഭാഗം ആളു കൾ യോഗം ഹിഷ്കരിച്ചു. ബാക്കിയുള്ളവർ മൈലപ്രാ അച്ചന്റെ നേതൃത്വത്തിൽ ജാഥയായി ചാപ്പലിൽവന്ന് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ പുനരൈക്യപ്പെട്ടു. ചാപ്പലിൽ സ്ഥലമില്ലാതിരുന്നതിനാൽ മൈലപ്രാ സ്കൂളിൽ പിറ്റേദിവസം 100-ൽ പരം കുടുംബങ്ങൾ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ പുനരൈക്യപ്പെട്ടു.

**ദേവാലയ നിർമ്മാണം**

മൈലപ്രാ അച്ചന്റെ പുനരൈക്യത്തോടെ ഇടവകയിൽ അംഗങ്ങൾ വർദ്ധിച്ചു. പുതിയ ദേവാലയം നിർമ്മി ക്കാനാവശ്യമായ സ്ഥലം ഇതിനകം വാങ്ങിയിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ പ്രത്യേക താത്പര്യപ്ര കാരം നിലവിലുള്ള ചാപ്പലിന്റെ വടക്കുകിഴക്ക് ഭാഗത്തായി ഉയർന്ന സ്ഥലത്ത് പുതിയ പള്ളി നിർമ്മിക്കാൻ തീരുമാനിച്ചു. ജർമ്മനിയിൽ നിന്നുള്ള ഒരു കുടുംബിന്റെ സഹയംകൊണ്ട് വളരെ മനോഹരവും സ്ഥലസൗകര്യ മുള്ളതുമായ ഒരു ദേവാലയം നിർമ്മിക്കാൻ കഴിഞ്ഞു. ജർമ്മൻ കുടുംബത്തിന്റെ പ്രത്യേക താത്പര്യപ്രകാരം പുതിയ ദേവാലയം യേശുവിന്റെ തിരുഹൃദയത്തിന് സമർപ്പിച്ചു. 1941 മാർച്ച് 13ന് മാർ ഈവാനിയോസ് തിരമേനി ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ച ദേവാലയം 1944 സെപ്റ്റംബർ 14, 15 തീയതികളിൽ കൂദാശനടത്തി. കൂദാശാകർമ്മങ്ങൾക്ക് മാർ ഈവാനിയോസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മൈലപ്രാ അച്ചനും നായ്ക്കം പറമ്പിൽ ശ്രീ.എൻ.ഐ.തോമസുമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത്. ഇടവകയിലെ എല്ലാ ആളുകളുടേയും നിർലോഭമായ സഹകരണം ദേവാലയ നിർമ്മാണിന് ലഭിച്ചിരുന്നതായി മൈലപ്രാ അച്ചന്റെ ഡയ റിക്കുറുപ്പുകളിൽ നിന്ന് മനസിലാക്കുന്നു. ചാപ്പലിന്റെ തടിയും ചെങ്കല്ലും മറ്റും ഉപയോഗിച്ച് വൈദീകർക്ക് താമ സിക്കാനുള്ള വൈദികമന്ദിരം നിർമ്മിച്ചു. പുതിയ ദേവാലയിന്റെ വടക്കുഭാഗായി ദേവാലയവും പരിസരവും ശ്രദ്ധി ക്കത്തക്ക രീതിയിൽ നിർമ്മിച്ച വൈദികമന്ദിരിന്റെ കൂദാശാകർമ്മം നിർവഹിച്ചത് മാർ ഈവാനിയോസ് പിതാ വാണ്.

1940-50 കാലയളവിൽ ഇടവകയിൽ ധാരാളം പുതിയ കുടുംബങ്ങൾ ചേർന്നുകൊണ്ടിരുന്നു. ഇക്കാല യളവിൽ മണ്ണാറക്കുളഞ്ഞി, മേക്കൊഴൂർ, വല്യയന്തി തുടങ്ങി പ്രദേശങ്ങളിൽ ഇടവകയ്ക്ക് ചാപ്പലുകൾ ഉണ്ടായി. പിന്നീട് ഇവയെല്ലാം സ്വതന്ത്ര ഇടവകകളായി. മണ്ണാറക്കുളഞ്ഞി, മേക്കൊഴൂർ, വല്യയന്തി, മേരിഗിരി ഇടവക കളുടെ മാതൃഇടവക മൈലപ്രാ തിരുഹൃദയ കത്തോലിക്കാ ദേവാലയമാണ്. ഇക്കാലയളവിൽ ധാരാളം ചരിത്ര സംഭവങ്ങൾക്ക് ഇടവക വേദിയായിട്ടുണ്ട്. കേരളാ സംസ്ഥാന രൂപീകരണത്തിന് മുൻപും ശേഷവും രാഷ്ട്രീയ സാമൂഹിക ഭരണ രംഗങ്ങളിൽ വിരാജിച്ചിരുന്ന പ്രഗത്ഭരായ വ്യക്തികൾ ഇടവകയിൽ സന്ദർശനം നടത്തിയിട്ടു ണ്ട്. തിരുക്കൊച്ചി സംസ്ഥാനിന്റെ സ്പീക്കറായിരുന്ന ശ്രീ.അലക്സാണ്ടർ പറമ്പിതത്തറ സ്വകാര്യ ആവശ്യത്തിന് ആഴ്ചകളോളം ഇവിടെ താമസിച്ചിട്ടുണ്ട്. നിവർത്തന പ്രക്ഷോഭത്തിന്റെ പ്രചാരണാർത്ഥം ജോയിന്റ് പോളിറ്റി ക്കൽ കോൺഗ്രസ് നേതാവും തിരുവതാംകൂർ മന്ത്രിയുമായിരുന്ന റ്റി.എം.വറുഗീസ് ഇടവകയിൽ ഇടവകയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമം നേരിടുന്നതിന് അമേരിക്ക യിൽ നിന്നും യൂറോപ്പിൽ നിന്നും മറ്റും ലഭിച്ചിരുന്ന സഹായം ഇടവക വഴി വിതരണം നടത്തിയത് സമൂഹിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസമായിരുന്നു. അഖിലകേരളാ കത്തോലിക്കാ കോൺഗ്രസിന്റെ ഒരു സമ്മേ ളനം ദേവാലയങ്കണിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽവച്ച് നടത്തിയിട്ടുണ്ട്. പ്രഗത്ഭവാഗ്മികളായ ജോർജ്ജ് വർഗീസ് കണ്ണന്താനം, ജോസഫ് ചാഴിക്കാടൻ തുടങ്ങിയവർ ഈ സമ്മേളനിൽ പങ്കെടുത്ത് പ്രസംഗിച്ചിട്ടുണ്ട്. 1953 നവംബർ 20-ാം തീയതി മാർപാപ്പായുടെ പ്രതിനിധിയും പൗരസ്ത്യ തിരുസംഘത്തിന്റെ തലവനുമായ കർദിനാൾ എവുജിൻ ടിസറന്റ് തിരുമേനി ഇടവകയിൽ സന്ദർശനം നടത്തി. അഭിവന്ദ്യ പിതാക്കന്മാരായ മാർ ഈവാനിയോസ് തിരുമേനി, സിറിൽ ബസേലിയോസ് കാതോലിക്കാവാ തിരുമേനി, മാർ ക്രിസോസ്റ്റം തിരുമേനി എന്നിവർ ഇടവകയിൽ വിശുദ്ധവാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചിട്ടുണ്ട്. 1962 ഒക്ടോബർ 10ന്

മാത്യു പൊന്മേലൽ അച്ചൻ വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ കുരിശടി നിർമ്മിച്ച് കൂദാശ ചെയ്തു.

1966 ജനുവരി 16-ാം തീയതി കൂടിയ ഇടവക പൊതുയോഗം പള്ളിവക മാവേലിക്കുളം വസ്തുവിൽ പുതിയതായി ആരംഭിക്കുന്ന സ്കൂൾ കെട്ടിടിന്റെ നിർമ്മാണിനുവേണ്ടി ഇടവകാംഗങ്ങളുടെ കഴിവിനൊത്ത് പണം ശേഖരിക്കുന്നതിന് കമ്മറ്റിയെ ചുമതലപ്പെടുത്തി. കൂടാതെ ഓരോ വിട്ടുകാരും മാസത്തിൽ മൂന്നുപേരുടെ ജോലി വീതം ചെയ്തുകൊടുക്കണമെന്നും തീരുമാനിച്ചു. അങ്ങനെ മൗണ്ട് ബഥനി സ്കൂളിന്റെ പ്രധാനകെട്ടിടത്തിന്റെ ഒരു നില ഇടവകയിൽ നിന്ന് പണികഴിപ്പിച്ചതാണ്. 1981 ഏപ്രിൽ 30, മെയ് 1,2,3 തീയതികളിൽ ദേവാലയിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഓരാഴ്ച നീണ്ടുനിന്ന പരിപാടികളോടെ ആഘോഷിച്ചു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവും ഇടവക കമ്മറ്റിയും പരിപാടികൾക്ക് നേതൃത്വം നല്കി. 1984-ൽ പാരീഷ്ഹാളിന്റെ നിർമ്മാണം ആരംഭിച്ചു. ദേവാലയ സമീപത്ത് 1977 ജൂൺ 14ന് ബഥനി സന്യാസിനി സമൂഹിന്റെ ഒരു മഠം ആരംഭിച്ചത് ഇടവകയുടെ ആത്മീയ ചൈതനത്തെ ഉദ്ദീപിപ്പിച്ചു. 1993 ഏപ്രിൽ 4ന് ദേവാലയത്തിന്റെ പ്രവേശന കവാടത്തിൽ തിരുഹൃദയ സ്വരൂപം പ്രതിഷ്ഠിച്ചു. ഇത് ഇടവക ജനത്തിനും ദേശത്തിനും വലിയ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നതായി അനേകർ സാക്ഷ്യപ്പെടുന്നു. 68-ാം പുനരൈക്യത്തിന് ഇടവക വേദിയായത് ഇടവകയുടെ ചരിത്രിലെ ഒരു പ്രധാനസംഭവമാണ്. 1998 സെപ്റ്റംർ 19, 20, 21 തീയതികളിൽ വിപുലമായ പരിപാടികളോടെ നടത്തപ്പട്ട പുനരൈക്യ വാർഷികാഘോഷങ്ങൾ വിശ്വാസികളുടെ പങ്കാളത്തിത്തംകൊണ്ടും ചിട്ടയായ ക്രമീകരണങ്ങൾ കൊണ്ടും ഏറെ വിജയപ്രദമായിരുന്നു.

**പുതിയ ദേവാലയിന്റെ നിർമ്മണം**

വർദ്ധിച്ചുവരുന്ന വിശ്വാസികൾക്ക് നിലവിലുള്ള ദേവാലയം അപര്യാപ്തമായപ്പോഴാണ് പുതിയ ദേവാലയം നിർമ്മിക്കണമെന്ന ആശയം ഉയർന്നുവന്നത്. 2002 മെയ് മാസത്തിൽ ജോൺ ജി.വടക്കേപ്പുറം അച്ചൻ വികാരിയായി സ്ഥാനമേറ്റതോടെ പുതിയ ദേവാലയം എന്ന ആഗ്രഹത്തിന് പുതുജീവൻ കൈവന്നു. 2002 ഒക്ടോബറിൽ നടന്ന പ്രത്യേക പൊതുയോഗം 155 അടി നീളവും വരാന്തയുൾപ്പെടെ 77 അടി വീതിയും 100 അടിയിൽ പരം ഉയരവുമുള്ള മുഖവാരത്തോടുകൂടിയ പുതിയ ദേവാലയം നിർമ്മിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് 2003 ജനുവരി 12-ാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ തിരുമേനി പള്ളിയുടെ അടിസ്ഥാനശിലയിട്ടു. നാലരവർഷം നീണ്ടുനിന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കൊടുവിൽ 2007 ഡിസംബർ 27, 28, 29 തീയതികളിൽ അഭിവന്ദ്യ കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിലും ഇതര മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും പുതിയ പള്ളിയുടെ കൂദാശാകർമ്മം നടത്തി. നിർമ്മാണത്തിലെ പുതുമകൊണ്ടും വലിപ്പംകൊണ്ടും ശിൽപഭംഗികൊണ്ടും തികച്ചും വ്യത്യസ്ഥമായ ദേവാലയമാണിത്. ജോൺ ജി.വടക്കേപ്പുറം അച്ചന്റെ നേതൃത്വത്തിൽ മണ്ണിൽ എം.റ്റി.തോമസ് ജനറൽ കൺവീനറായി 51 അംഗ നിർമ്മാണ കമ്മറ്റിയെ പൊതുയോഗം തിരഞ്ഞെടുത്ത് നിർമ്മാണചുമതല ഏൽപ്പിച്ചു. ദൈവാനുഗ്രഹവും കമ്മറ്റിയുടെ കൂട്ടായപ്രവർത്തനവും ഇടവക ജനങ്ങളുടെ നിസ്സീമമായ സഹകരണവും ഒചേർന്നപ്പോൾ മലങ്കര കത്തോലിക്കാസഭയ്ക്ക് അഭിമാനിക്കത്തക്കവിധത്തിൽ മൈലപ്രാ തിരുഹൃദയദേവാലയം പുനർനിർമ്മിച്ചു.

**ഉപസംഹാരം**

പുനരൈക്യപ്രസ്ഥാനതതിന്റെ ആരംഭകാലത്ത് ഒരു ചെറിയ സമൂഹമായി തുടങ്ങി ഇന്ന് 304 കുടുംബങ്ങളുള്ള ഒരു ഇടവക സമൂഹമാണ് മൈലപ്രാ. തുടക്കം കറിച്ച അഞ്ചുപേർ മുതൽ പുനരൈക്യശില്പി മാർ ഈവാനിയോസ് പിതാവ്, ആദ്യകാലത്ത് വിശ്വാസികൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകിയ പീടികയിലച്ചൻ, കുമ്പഴയച്ചൻ, പന്തളത്തച്ചൻ, തുടർന്ന് ഇടവകയിൽ സേവനമനുഷ്ഠച്ചിട്ടുള്ള വൈദീകശ്രേഷ്ഠർ, മൈലപ്രാ അച്ചൻ, കാലാകാലങ്ങളിൽ സഭയെ നയിച്ചവർ, ഇടവക ജനങ്ങൾ തുടങ്ങിയവരെല്ലാം ഈ വളർച്ചയിൽ ഭാഗഭാക്കുകളാണ്. വിശ്വാസ സമൂഹം വളരുന്നതിനൊപ്പം ഈ നാടിന്റെ വിദ്യാഭ്യാസവളർച്ചയിൽ വലിയ

പങ്കുവഹിച്ച സ്ഥാപനങ്ങളും ഇവിടെയുണ്ടായി. സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ, ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ലോവർ പ്രൈമറി സ്കൂൾ, നഴ്സറി സ്കൂൾ എന്നിവ ഇതിന്റെ ഭാഗമാണ്. സഭയ്ക്കും സമൂഹത്തിനും നിസ്തുലമായി സേവനം ചെയ്യുന്ന ഒരു ശ്രേഷ്ഠാചാര്യനേയും നിരവധി വൈദികരേയും സന്യസ്തരേയും ഈ ഇടവക പ്രദാനം ചെയ്തിട്ടുണ്ട്. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത
2. വന്ദ്യ ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ
3. ഫാ. ജോഷ്വാ താഴത്തേതിൽ
4. ഫാ. ജോസ് ചരുവിൽ
5. ഫാ. വർഗീസ് ചാമക്കാലായിൽ
6. ഫാ. പാട്രിക് സ്കറിയ കാവിന്റെതടത്തിൽ
7. സി. അൽഫോൻസ്
8. സി. സലീത്താ
9. സി. ലൂസിയാന
10. സി. വിനീത
11. സി. ഗ്രേസി
12. സി. ദർശന
13. സി. മെർസിലിൻ
14. സി. ഐഡ
15. സി. പുഷ്പം
16. സി. ആൻ

അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായിരുന്നപ്പോഴും പത്തനംതിട്ട ഭദ്രാസനിന്റെ ഭാഗമായപ്പോഴും നിരവധി വൈദികശ്രേഷ്ഠർ ഈ സമൂഹത്തിന്റെ വിശ്വാസപരവും ആത്മീയവുമായ വളർച്ചയിൽ ഏറെ ശ്രദ്ധയോടെ ഇടവകവികാരിമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**<u>മൈലപ്രാ ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

1. ഫാ. ഫീലിപ്പോസ് മേടയിൽ - (1930 - 1932)
2. ഫാ. ഗീവർഗീസ് ചരുവിലേത്ത് - (1932 - 1935)
3. ഫാ. എ.ജി.ഏബ്രഹാം തെങ്ങുംതറമേടയിൽ - (1935 - 1963)
4. ഫാ. ഏബ്രഹാം തെക്കേടത്ത് - (1963 - 1969)
5. ഫാ. കുര്യൻ ഇലഞ്ഞിമറ്റം - (1969 - 1978)
6. വാഴപ്പിള്ളേത്ത് മാത്യൂസ് റമ്പാൻ - (1978 - 1985)

7. ഫാ. ഫീലിപ്പോസ് തോമസ് - (1985 - 1987)

8. ഫാ. തോമസ് പൊന്മേലിൽ - 1987 - 1992)

9. ഫാ. സഖറിയാസ് നെടിയകാലായിൽ - 1992 - 1996)

10. ഫാ. മാത്യു കാലായിൽ - (1996 - 1997)

11. ജോസ് കടകംപള്ളിൽ കേറെപ്പിസ്കോപ്പാ - (1997 - 2001)

12. ഫാ. ജോൺ ജി. വടക്കേപ്പുറം - (2001 - 2008)

13. ഫാ. വർഗീസ് പ്ലാവിളയിൽ - (2008 - 2010)

14. ജോർജ്ജ് ജേക്കബ് കോറെപ്പിസ്കോപ്പാ - 2010 - 2013)

15. ഫാ. ജോൺ തുണ്ടിയത്ത് - (2013 - 2017)

അധ്വാനവും വിയർപ്പും പ്രാർത്ഥനയും ചേർത്ത് വിശ്വാസിൽ സ്ഥിരപ്പെട്ട് പൂർവ്വപിതാക്കന്മാർ പകർന്നു നല്കിയ പാരമ്പര്യം മൂല്യം ചോരാതെ വരും തലമുറയ്ക്ക് കൈമാറാൻ നമുക്ക് കടമയുണ്ട്. മാർ ഈവാനിയോസ് പിതാവുൾപ്പെടെയുള്ള പുണ്യപിതാക്കന്മാരുടേയും നമ്മുടെ പൂർവ്വപിതാക്കന്മാരുടേയും സ്വപ്നങ്ങളെ നെഞ്ചി ലേറ്റി മുന്നോട്ട് നടക്കാൻ സർവ്വശക്തൻ നമ്മെ ശക്തിപ്പെടുത്തട്ടെയെന്ന് പ്രാർത്ഥിക്കാം.